സർക്കുലർ

2412 / 2026
20/ 10 / 2026 C - 13

അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയാഘോഷം

മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരങ്ങളേ,

നമ്മുടെ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ശുശ്രൂഷാപൗരോഹിത്യം സ്വീകരിച്ചിട്ട് അമ്പത് വർഷങ്ങൾ പൂർത്തിയാവുകയാണ്. ദൈവത്തിനും ദൈവജനത്തിനും വേണ്ടി ജീവിതം സമർപ്പിച്ച അഭിവന്ദ്യപിതാവിന് സുവർണ്ണജൂബിലിയുടെ പ്രാർത്ഥനാശംസകൾ നിറമനസ്സോടെ നമുക്ക് നേരാം. അഭിവന്ദ്യ പിതാവിന്റെ സ്വർഗ്ഗീയ മധ്യസ്ഥനായ വി. അന്ത്രയോസ് ശ്ലീഹായുടെ തിരുനാൾ ദിനമായ നവംബർ 30 തിങ്കളാഴ്ചയാണ് അതിരൂപ താതലത്തിൽ ജൂബിലിയാഘോഷങ്ങൾ നടത്തുന്നത്. അന്നേദിവസം ഉച്ചകഴിഞ്ഞ് 2:30-ന് തൃശൂർ ലൂർദ്ദ് കത്തീഡ്രലിൽ കൃതജ്ഞതാ ബലിയർപ്പണവും തുടർന്ന് 4:30-ന് കത്തീഡ്രൽ സെന്റിനറി ഓഡിറ്റോറിയത്തിൽ അനുമോദനസമ്മേളനവും ഉണ്ടായിരിക്കും. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവിനോടും മറ്റ് രൂപതകളിൽ നിന്നുള്ള അഭിവന്ദ്യപിതാക്കന്മാരോടും ചേർന്ന് കൃതജ്ഞതാ ബലിയർപ്പിക്കാനും അതേതുടർന്നുള്ള അനുമോദനസമ്മേളനത്തിൽ സംബന്ധിക്കാനും തൃശൂർ അതിരൂപതയിലെ എല്ലാ വൈദികരെയും സന്യസ്ത-അല്മായ പ്രതിനിധികളെയും ഞാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവിന്റെ താല്പര്യം പരിഗണിച്ച് വളരെ ലളിതമായിട്ടാണ് ജൂബിലിയാഘോഷങ്ങൾ നാം സംഘടിപ്പിച്ചിട്ടുള്ളത്. അതിനാൽ താഴെ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം വിവിധതലങ്ങളിൽ നിന്നുള്ള പ്രതിനിധികളെയാണ് അതിരൂപതാതല ആഘോഷങ്ങൾക്കായി പ്രത്യേകം ക്ഷണിക്കുന്നത്.

- അതിരൂപതയിലെ വൈദികർ, വൈദികവിദ്യാർത്ഥികൾ
- സന്യാസസമൂഹങ്ങളുടെ മേജർ സുപ്പീരിയർമാർ
- എല്ലാ സന്യാസഭവനങ്ങളിൽ നിന്നും രണ്ട് പ്രതിനിധികൾ

- പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ
- അതിരൂപതാതല ഭക്തസംഘടന ഏകോപനസമിതി അംഗങ്ങൾ

- ഓരോ ഇടവകയിൽ നിന്നുമുള്ള കൈക്കാരന്മാർ, പ്രതിനിധിയോഗം സെക്രട്ടറി, കുടുംബകൂട്ടായ്മ കേന്ദ്രസമിതിയംഗങ്ങൾ, ഭക്തസംഘടന ഏകോപനസമിതിയംഗങ്ങൾ, മൂന്ന് വിശ്വാസ പരിശീലന അധ്യാപകർ എന്നിവർ ഉൾപ്പെടുന്ന 25-ൽ കുറയാത്ത പ്രതിനിധികൾ.

1977 മാർച്ച് 14-ന് പുരോഹിതനായി അഭിഷിക്തനായ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവിന്റെ ആത്മീയശുശ്രൂഷകളുടെയും മറ്റ് സേവനങ്ങളുടെയും സൽഫലങ്ങൾ ഏറെ അനുഭവിച്ചിട്ടുള്ളവരാണ് നാം. വൈദികൻ, മെത്രാൻ, മെത്രാപ്പോലീത്ത എന്നീ കർമ്മവീഥികളിലൂടെയും വിവിധങ്ങളായ ഉത്തരവാദിത്വങ്ങളിലൂടെയും ദൈവം നയിച്ച അഭിവന്ദ്യ പിതാവിലൂടെ ദൈവജനം മുഴുവനും പ്രത്യേകിച്ച് തൃശ്ശൂരിലെ സഭാതനയരും സ്വീകരിച്ചിട്ടുള്ളത് അതുല്യങ്ങളായ നന്മകളാണ്. അഭിവന്ദ്യ പിതാവിനെ നമുക്ക് നൽകിയ നല്ല ദൈവത്തിന് നന്ദിയർപ്പിക്കാനും അദ്ദേഹത്തോടുള്ള നമ്മുടെ സ്നേഹാദരങ്ങളും കടപ്പാടും പ്രകടിപ്പിക്കാനും നമുക്ക് ലഭിച്ചിരിക്കുന്ന സുവർണ്ണാവസരമാണ് ഈ ജൂബിലി. നവംബർ 30-ാം തിയ്യതിലെ കൃതജ്ഞതാബലിയർപ്പണത്തിലും അനുമോദന സമ്മേളനത്തിലും ആദ്യന്തം സംബന്ധിച്ച് അഭിവന്ദ്യ പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയാഘോഷം നമ്മുടെ അതിരൂപതയുടെ ചരിത്രത്തിലെ തിളക്കമുള്ള മറ്റൊരു ഓർമ്മയാക്കാം.

മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ ഇടയശുശ്രൂഷയ്ക്ക് ഭരമേല്പിക്കപ്പെട്ട നമുക്കെല്ലാവർക്കും ഒന്നുചേർന്ന് അഭിവന്ദ്യ പിതാവിനെ ഈശോയുടെ തൃക്കരങ്ങളിൽ സമർപ്പിച്ച് പ്രാർത്ഥിക്കാം. നവംബർ 30-ാം തിയ്യതിലെ ജൂബിലിയാഘോഷങ്ങളിൽ നമ്മുടെ സാന്നിധ്യം ഉറപ്പാക്കാം. ഏവർക്കും ദൈവാനുഗ്രഹങ്ങൾ നേരുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

മാർ ടോണി നീലങ്കാവിൽ

തൃശ്ശൂർ അതിരൂപത സഹായമെത്രാൻ

N.B.:ഈ സർക്കുലർ 08/11/2026 ഞായറാഴ്ച പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കുകയോ, ആശയങ്ങൾ ജനങ്ങളെ അറിയിക്കുകയോ ചെയ്യേണ്ടതാണ്. +TN.